ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/16745/2025-GEA3 തീയതി: 23-06-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലർക്ക് ശ്രീ.സുമോധ്.ഒ -യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ തീയതി പുനർനിർണ്ണയിച്ചതിന് അനുസൃതമായി സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 20.05.2025 -ലെ LSGD/PD/362/2025-DEC1 നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 10.10.2013 -ലെ ഇ4-04/2012 നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018-ലെ ഇ5-38675/2017 നമ്പർ ഉത്തരവ്.

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ നിലവിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുമോധ്.ഒ-യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി സൂചന (1) പ്രകാരം 01.07.2013 ആയി പുനർ നിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതാണ്. സൂചന (2) ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ.സുമോധ്.ഒ 01.01.2009 മുതൽ 31.12.2016 വരെയുള്ള സീനിയർ ക്ലർക്കുമാരുടെ സൂചന (3) സീനിയോരിറ്റി പട്ടികയിൽ നിലവിൽ ക്രമ. നം.2398 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. സീനിയർ ക്ലർക്ക് തസ്തികയിലെ തന്റെ സീനിയോറിറ്റി സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (4) പ്രകാരം ശ്രീ.സുമോധ്.ഒ, ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുമോധ്.ഒ-യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിക്കേണ്ടതായുണ്ട്.

ആയത് പ്രകാരം ശ്രീ.സുമോധ്.ഒ-യെ ടിയാളുടെ സീനിയർ ക്ലർക്ക് തസ്തികയിലെ പുനർനിർണ്ണയിക്കപ്പെട്ട ഉദ്യോഗക്കയറ്റ പ്രാബല്യ തീയതിയായ 01.07.2013 അടിസ്ഥാനമാക്കി സൂചന (3) സീനിയോരിറ്റി പട്ടികയിൽ ക്രമ. നം.2065 വിനീത്.വി.എൽ-നും ക്രമ. നം.2066 അമ്പിളി.പി-യ്ക്കും ഇടയിലായി ക്രമ .നം.2065A ആയി പുന:ക്രമീകരിച്ചും ശ്രീ.സുമോധ്.ഒ നിലവിൽ ഉൾ പ്പെട്ട **ക്രമ. നം.2398** DELETED എന്ന് രേഖപ്പെടുത്തുന്നതിനും താത്ക്കാലികമായി

തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഉചിത മാർഗ്ഗേണ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ശ്രീ.സുമോധ്.ഒ, ഹെഡ് ക്ലർക്ക് ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് (ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖാന്തിരം)
3. സീനിയർ സൂപ്രണ്ട്, IE-സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്.
4. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം .